പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *73 — 09.08.2017- ൽ മറുപടിക്ക്

## ബാലവേല നിർമ്മാർജ്ജനത്തിനും ബാലതൊഴിലാളി പുനരധിവാസത്തിനും നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.പുരുഷൻ കടലുണ്ടി<br>,, വി. കെ. സി. മമ്മത് കോയ<br>,, എം. മുകേഷ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനത്തിനും ബാലതൊഴിലാളികളുടെ പുനരധിവാസത്തിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) 1986 ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം 2010-2017 ജൂൺ വരെ സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ 18276 പരിശോധനകൾ നടത്തുകയും 13 പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം അനുസരിച്ച് 14 വയസ്സിന് താഴെയുള്ള കുട്ടികളെ ഉപയോഗിച്ച് ജോലി എടുപ്പിക്കുന്നതായി കണ്ടെത്തിയാൽ തൊഴിലുടമയ്ക്ക് എതിരെ പ്രസ്തുത നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കും. കേരളത്തിൽ ബാലവേലയുടെ തോത് ക്രമാനുഗതമായി കുറഞ്ഞുവരുന്നതായാണ് തൊഴിൽ വകുപ്പ് വിലയിരുത്തിയിട്ടുള്ളത്. |
| (ബി) ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജില്ലാ ഭരണകൂടങ്ങളുടെയും വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ പരിശോധനകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ;<br>(സി) വിവിധ തൊഴിലുടമ- തൊഴിലാളി യൂണിയൻ സംഘടനകളുടെ സഹകരണത്തോടെയും ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെയും | (ബി) & (സി) ഉണ്ട്. അന്താരാഷ്ട്ര ബാലവേല വിരുദ്ധ ദിനമായ ജൂൺ 12 ഉൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായുള്ള ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും ജില്ലാ ലേബർ ആഫീസിന്റെയും ചൈൽഡ് ലൈനിന്റെയും സംയുക്താഭിമുഖ്യത്തിൽ വിവിധ വകുപ്പുകളെയും സന്നദ്ധ സംഘടനകളെയും സാമൂഹ്യ |

| | |
|---|---|
| ബാലവേലയ്ക്കെതിരെയുള്ള പ്രചരണ പരിപാടികൾ സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | പ്രവർത്തകരെയും പങ്കെടുപ്പിച്ചുകൊണ്ട് കുട്ടികളെ സംഘടിപ്പിച്ചുള്ള സെമിനാർ, ശില്പശാലകൾ, ബോധവത്കരണ ക്ലാസ്സ് എന്നിവ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ